**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് ഉള്ള്യേരി ഗ്രാമപഞ്ചായത്ത് - എം. ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ഇൻഫർമേഷൻ ടെക്നോളജി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ പ്രത്യേക പരിഗണന നൽകി 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(സി) പ്രകാരം ഇളവനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ)നം1156/2019/തസ്വഭവ തിരുവനന്തപുരം, തീയതി 04/06/2019.**

---

പരാമർശം:- 1) ശ്രീ. എം.മെഹബൂബ്, ചെയർമാൻ, എം.ഡിറ്റ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 21.01.19 ലെ അപേക്ഷ.

2) മുഖ്യ നഗരാസൂത്രകന്റെ 24.11.18, 14.1.19, 28.2.19 തീയതികളിലെ ഡി1/10036/18 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ വാർഡ് 9 ൽ റീ സർവെ നമ്പർ 64 ൽ നിലവിലുള്ള എം.ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ഇൻഫർമേഷൻ ടെക്നോളജി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ക്രമവൽക്കരണം സംബന്ധിച്ച് എം.ഡിറ്റ് ചെയർമാൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

കേരള സർക്കാരിന്റെ ഓഹരി പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നതും സർക്കാരിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്നതുമായ സ്ഥാപനമാകയാൽ പരാമർശ കെട്ടിടത്തിന് കെ.പി.ബി.ആർ. ചട്ടം 3 സി പ്രകാരം ഇളവനുവദിക്കാവുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതായും എന്നാൽ പരാമർശ നിർമ്മാണത്തിന് 18000 ച.മീ. മുകളിൽ വിസ്തൃതി വരുന്നതിനാൽ കെ.പി.ബി.ആർ. ചട്ടം 34(1) പ്രകാരം 10 മീറ്റർ വിസ്തൃതിയുള്ള റോഡ് ഉണ്ടാകേണ്ടതാണെന്നും എന്നാൽ ഈ സ്ഥലത്തേക്കുള്ള പഞ്ചായത്ത് റോഡിന് 8 മീറ്റർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചില ഭാഗങ്ങളിൽ 5 മീറ്ററും മറ്റ ചില ഭാഗങ്ങളിൽ 3 മീറ്ററും മാത്രമാണ് ലഭ്യമാകുന്നതെന്നും ചീഫ് ടൗൺ പ്ലാനർ പരാമർശം (2) പ്രകാരം റിപ്പോർട്ടു ചെയ്യുകയുണ്ടായി.

26.11.2009 ലെ ഉത്തരവ് പ്രകാരം 11411.73 ച.മീ. വിസ്തീർണ്ണം വരുന്ന നിർമ്മാണങ്ങൾക്ക് ചീഫ് ടൗൺ പ്ലാനർ വഴിയുടെ വീതി 6 മീറ്ററായി വർദ്ധിപ്പിച്ചിരിക്കണമെന്ന നിബന്ധന ചെയ്തിരുന്നതാണ്. എന്നാൽ പിന്നീട് ലേ ഔട്ട് അനുമതിയോ കെട്ടിട നിർമ്മാണ അനുമതിയോ വാങ്ങാതെ നിർമ്മാണ വിസ്തൃതി 20630.98 ച.മീ. ആയി വർദ്ധിപ്പിച്ചതായും ഇത്രയും വിസ്തീർണ്ണം ഉൾക്കൊള്ളുന്ന പ്ലോട്ടിലേക്ക് കെ.പി.ബി.ആർ. ചട്ടം 37(1) പ്രകാരം 10 മീറ്റർ വീതിയുള്ള വഴി ആവശ്യമാണെന്നും ചീഫ് ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ട്. കൂടാതെ വഴിയുടെ സ്കെച്ച് പരിശോധിച്ചതിൽ, സ്റ്റേറ്റ് ഹൈവേയിൽ നിന്നുമുള്ള രണ്ട് വഴികൾ ഒന്നു ചേർന്ന് ഒരു വഴിയായി ചേർന്ന ശേഷം 800 മീറ്റർ നീളത്തിലും 8 മീറ്റർ വീതിയിലും പ്രസ്തുത പ്ലോട്ടിൽ എത്തിച്ചേരുന്നതായും മേൽപ്പറഞ്ഞ രണ്ടു വഴികളിൽ ഒന്നിന് 500 മീറ്ററിൽ താഴെയും മറ്റേതിന് ഏകദേശം 1.25 കി.മീ. നീളമുള്ളതായും പ്രസ്തുത പ്ലോട്ടിലേക്ക് access ആയി കാണിച്ചിട്ടുള്ള നീളം കുറഞ്ഞ വഴിക്ക് 3.55 മീറ്റർ മുതൽ 6.14 മീറ്റർ വരെയാണ് വീതി ലഭ്യമാകുന്നതെന്നും മറ്റേ വഴിക്ക് protection walls

ഉൾപ്പെടെ 5 മീറ്റർ മുതൽ 7.95 മീറ്റർ വരെയാണ് വീതി ലഭ്യമാകുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാമർശ നിർമ്മാണത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് എഞ്ചിനീയറിംഗ് കോളേജും പോളിടെക്നിക്കും ഉൾപ്പെടുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളായതിനാൽ ഇത്തരം സ്ഥാപനങ്ങളിലേക്ക് വരുന്ന വാഹനങ്ങളെ ഉൾക്കൊള്ളുന്നതിന് ചട്ടങ്ങളിൽ അനുശാസിക്കുന്ന 10 മീറ്റർ വഴി വീതി ആവശ്യമാണെന്നും ഒരേ സമയത്ത് രണ്ട് ബസുകൾ ഇരു വശങ്ങളിലേക്കും പോകുന്നതിനും കുട്ടികൾക്ക് സൈക്കിൾ, ടൂ വീലർ എന്നിവ ഉപയോഗിക്കുന്നതിനും കാൽനട സാദ്ധ്യമാകുന്നതിനും കുറഞ്ഞത് 7 മീറ്ററെങ്കിലും വഴി വീതി അനുപേക്ഷണീയമാണെന്നും ചീഫ് ടൗൺ പ്ലാനർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യ നഗരാസൂത്രകയുടെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ടി എഞ്ചിനീയറിംഗ് കോളേജിലേക്ക് സ്റ്റേറ്റ് ഹൈവേയിൽ നിന്ന് രണ്ടു വഴികൾ ലഭ്യമായിട്ടുള്ളതും പ്രസ്തുത വഴികൾ ഒരു വഴിയായി ചേർന്ന ശേഷം 800 മീറ്റർ നീളത്തിൽ 8 മീറ്റർ വീതിയിൽ കോളേജിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നുണ്ട്. രണ്ടു വഴികൾ ലഭ്യമായിട്ടുള്ളതിനാൽ ഒരു വഴിക്ക് 3.55 മീറ്റർ മുതൽ 6.14 മീറ്റർ വരെ വീതിയും മറ്റേ വഴിക്ക് 5 മീറ്റർ മുതൽ 7.95 മീറ്റർ വരെ വീതിയും ലഭ്യമാണ്. 2012 മുതൽ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്ന സഹകരണ വിദ്യാഭ്യാസ സ്ഥാപനമായ എം ഡിറ്റ് സഹകരണ എഞ്ചിനീയറിംഗ് കോളേജിന് AICTE യുടെ അംഗീകാരം നിലനിർത്തുന്നതിനു വേണ്ടി പഞ്ചായത്തിൽ നിന്നും കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ച് കിട്ടേണ്ടതുണ്ടെന്ന് കോളേജ് ചെയർമാൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, കോഴിക്കോട് ജില്ല എം.ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ഇൻഫർമേഷൻ ടെക്നോളജി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്കുള്ള റോഡിന്റെ വീതി 10 മീറ്റർ ലഭ്യമല്ലാത്തതിനാൽ ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ പ്രത്യേക പരിഗണന നൽകി 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ ചട്ടം 3 സി പ്രകാരം ഇളവനുവദിച്ച്കൊണ്ട് കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സബിത. എസ്.ഡി.**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. എം.മെഹബൂബ്, ചെയർമാൻ, എം.ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ്
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ഇൻഫർമേഷൻ ടെക്നോളജി
ലിമിറ്റഡ് നം.4460, ഉള്ളിയേരി, കോഴിക്കോട്
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
സെക്രട്ടറി, ഉള്ള്യേരി ഗ്രാമ പഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ